(ബി) പ്രസ്തുത റിപ്പോർട്ടുകൾ യഥാസമയം നൽകാത്തതുമൂലം കേന്ദ്ര സഹായം നഷ്ടപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആഡിറ്റ് റിപ്പോർട്ട്, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതിൽ കാലതാമസം നേരിടുന്നതിന്റെ പേരിലായി കേന്ദ്ര സഹായം നഷ്ടപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) 2003-2004, 2004-2005 എന്നീ വർഷങ്ങളിൽ എന്ത് തുക വീതം കേന്ദ്ര സർക്കാർ അനുവദിച്ചു; ഇതിൽ എന്ത് തുക വീതം ചെലവഴിച്ചുവെന്ന് വിശദമാക്കാമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി *(ശ്രീ. സി. എഫ്. തോമസ്)*:

(എ) ഉണ്ട്.

(ബി) പ്രോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്. 2004-2005 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയുടെ എസ്. ജി. എസ്. വൈ. പദ്ധതിയുടെ രണ്ടാം ഗഡുവിനുള്ള പ്രൊപ്പോസൽ വൈകി സമർപ്പിച്ചെന്ന കാരണം പറഞ്ഞ് 13.54 ലക്ഷം രൂപ കേന്ദ്ര സർക്കാർ കുറവു വരുത്തിയിരുന്നു. യഥാർത്ഥത്തിൽ പ്രൊപ്പോസൽ നിശ്ചിത സമയപരിധിക്ക് മുൻപുതന്നെ സമർപ്പിച്ചിരുന്നു.

(ഡി) 2003-2004 വർഷത്തിൽ കേന്ദ്ര സർക്കാർ 17445.67 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ 13364.16 ലക്ഷം രൂപ ചെലവഴിച്ചു. 2004-2005 വർഷത്തിൽ കേന്ദ്ര സർക്കാർ 18083.90 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ 15109.15 ലക്ഷം രൂപ ചെലവഴിച്ചു.

കേന്ദ്രീകൃത തൊഴിൽ സംരംഭ യൂണിറ്റുകൾ

*14 [282] *ശ്രീ. ഉമേഷ് ചള്ളിയിൽ:*

എ. എൻ. രാജൻ ബാബു:

കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൻകീഴിൽ ഓരോ പഞ്ചായത്തിലും ഒരു കേന്ദ്രീകൃത തൊഴിൽ സംരംഭ യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇപ്പോൾ ഓരോ പഞ്ചായത്തിലും കൂടുതൽ തൊഴിൽ അവസരങ്ങൾ നൽകുന്ന തൊഴിൽ സംരംഭ യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇങ്ങനെ ആരംഭിക്കുന്ന യൂണിറ്റുകൾക്ക് പ്രത്യേക പരിഗണന നൽകി കൂടുതൽ സബ്സിഡിയും പ്രത്യേക ആനുകൂല്യങ്ങളും നൽകുന്ന കാര്യം പരിഗണിക്കുമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി *(ശ്രീ. സി. എഫ്. തോമസ്):*

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ ഓരോ പഞ്ചായത്തിലും ഒരു കേന്ദ്രീകൃത തൊഴിൽ സംരംഭ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) കേന്ദ്രാവിഷ്കൃത സ്വയം തൊഴിൽ പദ്ധതിയായ സ്വർണ്ണ ജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന (എസ്. ജി. എസ്. വൈ.) പ്രകാരം സ്വയം സഹായ സംഘങ്ങൾക്കും വ്യക്തികൾക്കും സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് വായ്പയും സബ്സിഡിയും ലഭ്യമാക്കുന്ന പദ്ധതി 1999-2000 സാമ്പത്തിക വർഷം മുതൽ ഗ്രാമപ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതി നടപ്പ് സാമ്പത്തിക വർഷവും തുടരുന്നതാണ്.

(സി) എസ്. ജി. എസ്. വൈ. മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി സ്വയം സഹായ സംഘങ്ങൾക്കും സബ്സിഡി നൽകുന്നുണ്ട്. ഇത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ കൂടുതൽ സബ്സിഡിയും പ്രത്യേക ആനുകൂല്യങ്ങളും നൽകുന്ന കാര്യം സംസ്ഥാനതലത്തിൽ പരിഗണിക്കാൻ കഴിയുകയില്ല.

മത്സ്യഭവനുകൾ

*15 [283] *ശ്രീ. എം. കുമാരൻ:*
" *എൻ. രാജൻ:*
" *മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിപ്പോൾ മത്സ്യഭവനുകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം; ഓരോ ജില്ലയിലും എത്രവീതം;

(ബി) ഈ മത്സ്യഭവനുകൾ കൊണ്ടുള്ള പ്രയോജനം എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) പുതിയ എന്തെല്ലാം പദ്ധതികൾ ഈ മത്സ്യഭവനുകൾ വഴി നടപ്പാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly